➪ ഇത് അസഹിഷ്ണുതയുടെ രൂപത്തിലും അക്രമത്തിന്റെ രൂപത്തിലും പ്രതിഫലിക്കാം ➪

ഫാസിസത്തിന്റെ രാഷ്ട്രീയം എന്താണ് എന്ന് ഏറെക്കുറേ മനസിലാക്കിയ ഒരു സമൂഹമാണ് നമ്മുടേത്. അങ്ങനെ ഒരു അഭിപ്രായപ്രകടനം നടത്തുമ്പോൾ സ്വഭാവികമായും ഉയരുന്ന ചില ചോദ്യങ്ങളുണ്ട്. പ്രത്യേകിച്ച് ഫാസിസത്തിന്റെ രാഷ്ട്രീയത്തെ സൂക്ഷ്മമായി വിലയിരുത്തുന്നതിൽ എന്തെങ്കിലും തരത്തിലുള്ള പാളിച്ചകൾ ഉണ്ടാകുന്നുണ്ടോ എന്നതിൽ. ഫാസിസം ഒരു മനോഘടന കൂടിയാണ്. വ്യക്തികളിലുണ്ടാക്കുന്ന മാറ്റമാണ് പലപ്പോഴും സമൂഹത്തിന്റെ സ്വഭാവം തന്നെ നിർണ്ണയിക്കുന്നത്. ഐ.ഡബ്ല്യു. ചെർണിയുടെ 'ഫാസിസവും ജനാധിപത്യവും മനുഷ്യമനസ്സുകളിൽ' എന്ന പുസ്തകം ഫാസിസ്റ്റ് മനസ്സും ജനാധിപത്യ മനസ്സും തമ്മിലുള്ള വ്യത്യാസങ്ങൾ ചർച്ച ചെയ്യുന്നുണ്ട്. നമുക്കിതിനെ രണ്ടുതരം മാനസികാവസ്ഥകൾ എന്ന രീതി

## നോട്ട് നിരോധനം, ജി.എസ്.ടി, നീതി ആയോഗ്

# ഇന്ത്യയിൽ വേരുറപ്പിക്കുന്ന ഫാസിസ്റ്റ് സമ്പദ്‌വ്യവസ്ഥ

ഫാസിസ്റ്റ് അധികാരവ്യവസ്ഥ ഭരണകൂടത്തിന്റെ സാമ്പത്തികനയം നിർണ്ണയിക്കുന്നതിൽ എങ്ങനെയാണ് ഇടപെടുന്നതെന്നും കോർപ്പറേറ്റുകൾക്ക് അത് എങ്ങനെ സഹായകമാകുന്നു എന്നും വിശദീകരിക്കുന്നു

**എസ്. മുഹമ്മദ് ഇർഷാദ്**

യിൽ വിശകലനം ചെയ്യാൻ കഴിയും. ഈ രണ്ട് മാനസികാവസ്ഥകൾ കേവലമൊരു ആശയം എന്ന നിലയ്ക്കല്ല, ഒരു രാഷ്ട്രീയ പ്രക്രിയ എന്ന നിലയിലാണ് വിശദീകരിക്കേണ്ടത്. ചെർണിയുടെ അഭിപ്രായത്തിൽ ഫാസിസം ഭയമില്ലാത്തതും ശക്തമായതുമായ ഒരു മാനസികാവസ്ഥയാണ് പ്രതിഫലിപ്പിക്കുന്നത്. ഇത് അനുസരണം, അച്ചടക്കം, ഉറച്ച തീരുമാനം തുടങ്ങിയവയാണ് ആവശ്യപ്പെടുന്നത്. ഇത് അസഹിഷ്ണുതയുടെ രൂപത്തിലും അക്രമത്തിന്റെ രൂപത്തിലും പ്രതിഫലിക്കാം. എന്നാൽ ജനാധിപത്യമനസ്സിനെ ചെർണി വിശേഷിപ്പിച്ചത് "democracy of the mind includes the freedom to experience anger, rage, and wishes of violence with full self acceptance and even pleasure as a natural right of healthy personalities and as a first line of natural strength for self defense to be mobilized and organised against emotional threats and attack" എന്നാണ്. സൂക്ഷ്മമായ ഒരു വായനയിൽ ഇവ രണ്ടും രണ്ടുതരം അധികാര സ്വഭാവത്തെ സൂചിപ്പിക്കുന്നു. ഫാസിസ്റ്റ് മനസ്സ് അഥവാ മാനസികാവസ്ഥ കൃത്യമായി തന്നെ ഒരു മേധാവിത്വത്തെ അടിസ്ഥാനമാക്കിയാണ് രൂപപ്പെടുന്നത്. ഇത്തരം അധികാരം ഭരണകൂടത്തിന്റെ സാമ്പത്തികനയം നിർണ്ണയിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു എന്നതാണ് ഇന്നത്തെ സാമൂഹികപ്രശ്നം.

2017 ഒക്ടോബർ 31ന് തൃശൂർ സാഹിത്യ അക്കാദമി ഹാളിൽ നടന്ന എം.എൻ. വിജയൻ അനുസ്മരണ പ്രഭാഷണത്തിനായി തയ്യാറാക്കിയ പ്രബന്ധം.

ഫാസിസം മുന്നോട്ട് വയ്ക്കുന്ന ആധിപത്യത്തെ അതിന്റെ സാമ്പത്തിക രാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുകയാണ് ഇന്ന് വേണ്ടത്. മുൻ സി.പി.എം. അഖിലേന്ത്യാ സെക്രട്ടറി പ്രകാശ് കാരാട്ട് സംഘപരിവാർ രാഷ്ട്രീയം ഫാസിസത്തിന്റേതല്ല പകരം സമഗ്രാധിപത്യ സ്വഭാവമുള്ള ഒരു പാർട്ടിയുടേതാണെന്ന് പറഞ്ഞിരുന്നു. സമഗ്രാധിപത്യം എന്നത് ഫാസിസ്റ്റ് യുക്തി കൂടിയാണ്. ഇത്തരം ആധിപത്യങ്ങൾ ഒരു ജനാധിപത്യ സംവിധാനത്തിന്റെ ഭാഗമായി പ്രവർത്തിക്കുമ്പോൾ അത് കൂടുതൽ പ്രകടമാകുന്നത് പണാധിപത്യത്തിലൂടെയാണ്. 'മൂലധന'ത്തിന്റെ 150-ാം വാർഷികം ആഘോഷിക്കുന്ന ഒരു കാലഘട്ടത്തിൽ ഫാസിസ്റ്റ് രാഷ്ട്രീയത്തിന്റെ സാമ്പത്തികവശം കൂടി, പ്രത്യേകിച്ചും അതിന്റെ ആധിപത്യ സ്വഭാവം കൂടി ചർച്ച ചെയ്യേണ്ടി വരുന്നത് ഒരു തരത്തിൽ വൈജ്ഞാനിക-രാഷ്ട്രീയ പ്രതിസന്ധി കൂടിയാണ്.

**ഫാസിസത്തിന്റെ സാമ്പത്തിക സിദ്ധാന്തം**

ഏണസ്റ്റ് മണ്ഡേൽ എന്ന ചിന്തകൻ ഒരിക്കൽ ഫാസിസത്തെ കുറിച്ചുള്ള വിശകലനത്തിൽ പറഞ്ഞത്, ഫാസിസം വളരാൻ കാരണമായത് അതിന്റെ എതിരാളികൾക്ക് ഫാസിസത്തെ പ്രതിരോധിക്കാനുള്ള ശാസ്ത്രീയ അടിത്തറ ഇല്ലാത്തതുകൊണ്ടുകൂടിയാണ് എന്നാണ്. അതുകൊണ്ടുതന്നെയാണ് അപൂർണ്ണവും ശരികേടുകളും നിറഞ്ഞ ഈ പ്രത്യയശാസ്ത്രം ശക്തമായി മുന്നേറിയതും വർത്തമാനകാലത്തിൽ പുതിയരൂപത്തിൽ വരുന്നതും.


ഫാസിസത്തിന്റെ സാമ്പത്തിക രീതിശാസ്ത്രം മുതലാളിത്തത്തിന്റേതു കൂടിയാണ് എന്ന് തിരിച്ചറിയാൻ കഴിയാത്തതുകൊണ്ടാണ് കാരാട്ട് ഇത് കേവലം സമഗ്രാധിപത്യ പ്രവണതയായി മാത്രം വിലയിരുത്തിയത്. മുതലാളിത്തത്തോടുള്ള പാർലമെന്ററി ഇടതുപക്ഷത്തിന്റെ സമീപനം കൂടിയാണ് കാരാട്ടിന്റെ വാക്കുകളിൽ പ്രത്യക്ഷപ്പെടുന്നത്. ആധിപത്യത്തോടൊപ്പം സാമ്പത്തികാധികാരവും ഉറപ്പിക്കുന്ന പ്രവണതയെ ഗൗരവമായി വിലയിരുത്താൻ കാരാട്ട് വേണ്ടരീതിയിൽ ശ്രമിച്ചില്ലായെന്ന് പറയാം. ഫാസിസ്റ്റ് മുതലാളിത്തം നമ്മൾ പൊതുവിൽ വിലയിരുത്തുകയും അനുഭവിക്കുകയും ചെയ്യുന്ന മുതലാളിത്ത രീതിയിൽ നിന്നും സ്വതന്ത്രമായിട്ടാണ് രൂപപ്പെടുന്നതും നിലനിൽക്കുന്നതും

ഫാസിസത്തിന്റെ സാമ്പത്തികരീതിയെ വർത്തമാനകാലത്തെ പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ ഗൗരവമായി തന്നെ വിലയിരുത്തേണ്ടതുണ്ട്. ഇത് മുന്നോട്ടുവയ്ക്കുന്നത് കുത്തക മുതലാളിത്തത്തിന്റെ രീതിശാസ്ത്രം തന്നെയാണ്. എന്നാൽ നിലനിൽക്കുന്ന സാമൂഹികബോധത്തിന് ഉപരിയായി ഫാസിസ്റ്റ് മൂലധനം വളരുന്നത് പൂർണ്ണമായ ഭരണകൂട പിന്തുണയോടുകൂടിയാണ്. അതായത് ഭരണകൂട മുതലാളിത്തമാണ് ഫാസിസത്തിന്റെ അടിസ്ഥാനം. ഇത്തരം ഭരണകൂട മുതലാളിത്തം സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിൽ നിന്ന് എത്രത്തോളം വ്യത്യസ്തമാണ് എന്നും വിശകലനം ചെയ്യേണ്ടതുണ്ട്. ചൈനയുടെ സമ്പദ്ഘടന ഇതിൽ നിന്നും എങ്ങനെ വ്യത്യസ്തമായി എന്ന ചോദ്യം ഉറപ്പായും ഉയരാം. എന്നാൽ ഫാസിസ്റ്റ് സാമ്പത്തികശാസ്ത്രം, ഭരണകൂടത്തിന്റെ മേധാവിത്വം എന്നത് ഉത്പാദനോപാധികളുടെ പൊതു ഉടമസ്ഥത എന്ന അർത്ഥത്തിൽ അല്ല പകരം ഉടമസ്ഥത വ്യക്തിയിലും വ്യക്തി ഭരണകൂടത്തിന്റെ ഭാഗവും ആകുന്നു എന്നതാണ്. അത്തരം ഉടമസ്ഥത ഒരു സോഷ്യലിസ്റ്റ് രീതിയിൽ നിലനിൽക്കില്ല. ഇവിടെ മുതലാളിത്തം ആധിപത്യം സ്ഥാപിക്കുന്നത് പ്രതിരോധങ്ങളെ തങ്ങൾക്ക് അനുകൂലമാക്കി മാറ്റിയും തൊഴിലാളി സമരങ്ങളെ ഇല്ലാതാക്കിയും ആണ്. അതുമൂലം ഉണ്ടാകുന്ന സാമ്പത്തിക മുരടിപ്പും പ്രതിസന്ധിയും മുതലാളിത്തത്തെ ശക്തിപ്പെടുത്തുകയാണ് ചെയ്യുന്നത്. അതിന് ഉദാഹരണമാണ് ഇത്തരം പ്രതിസന്ധികൾക്കിടയിലും കോർപ്പറേറ്റുകൾക്ക് ലഭിക്കുന്ന സാമ്പത്തിക ഇളവുകൾ.

ഫ്രാങ്ക്ഫർട്ട് സ്കൂളിലെ ചിന്തകർ വിശകലനം ചെയ്തത് ഭരണകൂടം വഴി വികസിക്കുന്ന മുതലാളിത്തമാണ് ഫാസിസം എന്നാണ്. ഭരണകൂടം എന്ന് പറയുന്നത് ആധിപത്യ സ്വഭാവം ഉള്ള ഭരണകൂടം എന്ന് അർത്ഥം. വൻതോതിൽ ഇളവുകൾ നൽകി കോർപ്പറേറ്റുകളെ സംരക്ഷിക്കുന്ന നയം അംഗീകരിച്ച് ഭരണകൂടം നിലനിൽക്കുന്നൊരു രാജ്യമായി ഇന്ത്യ മാറിക്കഴിഞ്ഞു. പി. സായിനാഥിന്റെ കണക്ക് പ്രകാരം 36.6 ട്രില്ല്യൻ രൂപയാണ് രാജ്യത്തെ കോർപ്പറേറ്റുകൾ ഇതുവരെ കൈക്കലാക്കിയത്. പലിശ നിരക്കിലുള്ള ഇളവുകളായും ഭൂമിയായും ഒക്കെ വൻതോതിൽ പൊതുപണം ഇന്ന് കുത്തകകളിലേക്ക് ഒഴുകുന്നുണ്ട്.

ഇന്ത്യൻ ഫാസിസ്റ്റ് മുതലാളിത്തം വികസിക്കുന്നത് ഇത്തരത്തിൽ വൻ ഇളവുകൾ നേടിക്കൊണ്ടുതന്നെയാണ്. വിഴിഞ്ഞം പദ്ധതി തന്നെ ഉദാഹരണമായി എടുത്താൽ ഇത് മനസിലാകും. സർക്കാരിനെക്കാൾ നേട്ടം ഒരു സ്വകാര്യ കമ്പനിയ്ക്ക് ഉണ്ടാകുകയും അതൊടൊപ്പം സർക്കാർ പൊതുനികുതിയിൽ നിന്ന്

⇨ *'പതഞ്ജലി' ഉൽപ്പന്നങ്ങൾക്ക് കിട്ടുന്ന സാമൂഹ്യ പരിഗണന ഇത്തരത്തിൽ വിലയിരുത്താവുന്നതാണ്* ⇨




കടപ്പാട്: മഞ്ജുൾ, ഡി.എൻ.എ

വൻതുക ചിലവഴിക്കേണ്ടി വരുകയും ചെയ്യുന്ന ഒരു പദ്ധതിയാണത്. ഒരു തരത്തിൽ പറഞ്ഞാൽ, ഈ പദ്ധതിക്ക് കിട്ടുന്ന വൻതോതിലുള്ള ജനപിന്തുണയാണ് ഈ പദ്ധതി ഏറ്റെടുക്കാൻ സ്വകാര്യകുത്തകകൾ തയ്യാറാകുന്നതും സർക്കാർ സഹായം ചെയ്യുന്നതും. ഇതിനെ തന്നെയാണ് ഫാസിസ്റ്റ് സാമ്പത്തിക വീക്ഷണത്തിൽ ഭരണകൂട സാമ്പത്തികവ്യവസ്ഥയുടെ ഉടമകളായി കുത്തകകൾ മാറുന്നു എന്ന് പറയുന്നതും.

**നിഷേധിക്കപ്പെടുന്ന സ്വാതന്ത്ര്യം**

ഫാസിസം എല്ലാത്തരം ഉദാരവൽക്കരണത്തെയും എതിർക്കുന്ന ഒന്നാണ്. സാമ്പത്തികരംഗത്ത് എല്ലാത്തരം ഉദാരവൽക്കരണത്തിനും ഫാസിസ്റ്റ് സാമ്പത്തിക ശാസ്ത്രം എതിരാണ്. വളരെയേറെ ചിന്താക്കുഴപ്പം ഉണ്ടാക്കുന്ന ഒരു വാദം കൂടിയാണ്. കാരണം മുതലാളിത്തത്തെക്കുറിച്ചുള്ള ഒരു പൊതുധാരണ അത് ഉദാരീകരണ നിയമങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി മുന്നേറുന്ന ഒരു പദ്ധതി എന്ന നിലയ്ക്കാണ്. എന്നാൽ ഫാസിസത്തിന്റെ സാമ്പത്തികരീതിശാസ്ത്രം ഇത്തരം സാമാന്യയുക്തികളെ പൂർണ്ണമായും നിഷേധിക്കുകയാണ് ചെയ്യുന്നത്. വ്യക്തികളുടെ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമല്ല മറിച്ച് ഉൽപ്പന്നത്തിന്റെ രാഷ്ട്രീയമൂല്യത്തിന് ലഭിക്കുന്ന പ്രസക്തിയാണ് അവിടെ പ്രധാനം. 'പതഞ്ജലി' ഉൽപ്പന്നങ്ങൾക്ക് കിട്ടുന്ന സാമൂഹ്യ പരിഗണന ഇത്തരത്തിൽ വിലയിരുത്താവുന്നതാണ്. തുറന്ന വിപണി മുതലാളിത്ത സംവിധാനത്തിൽ ഏറെ സ്വീകാര്യമായ ഒന്നാണ്. എന്നാൽ വിപണി ഉപഭോക്താവിന് നൽകുന്ന ഇത്തരം സ്വാതന്ത്ര്യങ്ങൾ ഇന്ന് നഷ്ടപ്പെടുന്നു എന്ന് പറയാൻ കഴിയും. ഉത്പന്നം തിരഞ്ഞെടുക്കുന്നതിൽ വ്യക്തിയുടെ ഉപഭോക്ത താൽപര്യം മാത്രമല്ല ഇന്ന് പ്രവർത്തിക്കുന്നത്. പകരം ദേശസുരക്ഷാ എന്ന ആശയത്തിന് കിട്ടുന്ന പിന്തുണയുടെ പ്രയോഗത്തിൽ വിപണി ഒരു വ്യക്തിക്ക് നൽകുന്ന തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യത്തിന്റെ നിഷേധമാണ് സംഭവിക്കുന്നത്. ഇതിന് ലഭിക്കുന്ന ജനപിന്തുണ കേവലം ഉൽപ്പന്ന വിപണിയിൽ മാത്രമല്ല പ്രതിഫലിക്കുന്നത്. അത് സർക്കാർ നയമായി മാറുന്നുണ്ട്. അതിന് കാരണം, വിപണിയിലൂടെ രൂപപ്പെടുന്ന ഭരണകൂടാഭിമുഖ്യം ക്രമേണ സാമ്പത്തികവ്യവസ്ഥിതിയുടെ എല്ലാ മേഖലകളിലേക്കും വ്യാപിക്കുന്നു എന്നതാണ്.

ബി.ജെ.പി. സർക്കാർ തുടക്കത്തിൽ തന്നെ അവതരിപ്പിച്ചത് ശക്തമായ ഒരു ഭരണകൂടമെന്ന പ്രതിഛായയാണ്. അതിനുപയോഗിച്ചത് ദേശസുരക്ഷയായിരുന്നുവെങ്കിലും അതിലൂടെ നേടിയെടുക്കാൻ ശ്രമിച്ചതും ശ്രമിക്കുന്നതും സാമ്പത്തികരംഗത്തെ കോർപ്പറേറ്റ്വൽ

ക്കരണമാണ്. കോർപ്പറേറ്റ്‌വൽക്കരണം എന്ന് പറയുന്നത് സാമാന്യയുക്തിയുടെ അടിസ്ഥാനത്തിൽ മാത്രം വിലയിരുത്തേണ്ടതല്ല. പകരം സർക്കാർ പ്രവർത്തിക്കുന്നത് കോർപ്പറേറ്റ് നയങ്ങളുടെ അടിസ്ഥാനത്തിലായി മാറുന്നുവെന്നതാണ്. ഇതിന് ഏറ്റവും തടസ്സമായി നിന്നിരുന്നത് ആസൂത്രണവകുപ്പായിരുന്നു. കാരണം ആസൂത്രിത വികസനത്തിന്റെ ആവശ്യം ഇന്നുള്ളത് രാജ്യത്തെ പിന്നോക്ക വിഭാഗത്തിനാണ്. ആഗോളീകരണ-മുതലാളിത്ത കാലത്തും ആസൂത്രിതവികസനം പ്രസക്തമാകുന്നത് അത് ആരുടെ ആവശ്യം നിറവേറ്റുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ ആസൂത്രണ കമ്മീഷന് പകരം സർക്കാർ കൊണ്ടുവന്ന നീതി ആയോഗ് പിന്തുണക്കുന്നത് 1997ൽ ലോകബാങ്ക് അവരുടെ റിപ്പോർട്ടിൽ (State in a changing world) സൂചിപ്പിച്ചതുപോലെ സ്വകാര്യമൂലധനത്തെ സംരക്ഷിക്കുന്നതരത്തിൽ ഭരണകൂടങ്ങൾ മാറണമെന്ന ആവശ്യത്തെയാണ്. നീതി ആയോഗ് അവരുടെ നയപരിപാടികൾ ആദ്യം അംഗങ്ങളുടെ പേരിൽ പൊതുചർച്ചയ്ക്ക് വയ്ക്കുകയും പിന്നീടത് പദ്ധതിരേഖയായി മാറുകയും ചെയ്യുന്നു. പ്രത്യേക റെയിൽവേ ബഡ്ജറ്റ് അനാവശ്യമാണ് എന്നും വേണ്ടത് റെയിൽവെയുടെ സ്വകാര്യവൽക്കരണമാണെന്നതും ആവശ്യപ്പെടുന്ന ഒരു പഠനരേഖ നീതി ആയോഗ് പ്രസിദ്ധീകരിച്ചിരുന്നു. തുടർന്നുവന്ന സാമ്പത്തിക വർഷത്തിൽ തന്നെ ഇത് നടപ്പിലാക്കുകയും ചെയ്തു. പിന്നീട് നീതി ആയോഗിന്റെ എല്ലാ പ്രവർത്തനത്തിലും സ്വകാര്യമൂലധനത്തെ സംരക്ഷിക്കുക എന്ന നയമാണ് അവർ സ്വീകരിച്ചത്. 2016-2017ലെ കേന്ദ്രബഡ്ജറ്റിൽ നിന്ന് പട്ടികജാതി-വർഗ്ഗ വിഭാഗത്തിന് ജനസംഖ്യാനുപാതികമായി ലഭിച്ചിരുന്ന പദ്ധതി വിഹിതം അനുവദിച്ചിരുന്നില്ല. ആസൂത്രിത വികസനം ഇല്ലാത്തിടത്താണ് ഇത്തരം ഒഴിവാക്കലുകൾ പ്രായോഗികമാകുന്നത്. നീതി ആയോഗിന്റെ രേഖകളിൽ എല്ലാം തന്നെ ഇത്തരം നയരൂപീകരണം കാണാൻ കഴിയും. തത്വത്തിൽ സ്വകാര്യമൂലധനത്തെ സർക്കാർ മൂലധന നിക്ഷേപമായി പ്രതിനിധീകരിക്കുന്ന നടപടിയാണ് നീതി ആയോഗ് ചെയ്തു കൊണ്ടിരിക്കുന്നത്. ഇത്തരം മാറ്റങ്ങളെ സർക്കാർപദ്ധതികളായി അവതരിപ്പിക്കുന്നതിൽ ഉണ്ടാകുന്ന വിജയമാണ് ഈ സർക്കാരിന്റെ നേട്ടം. അതിനുവേണ്ടത് അധികാരം കേന്ദ്രീകരിക്കുക എന്നതാണ്. അതുകൊണ്ടാണ് രാജ്യത്തെ പണവിനിമയത്തെയും നികുതികളെയും കേന്ദ്ര അധികാരത്തിന്റെ കീഴിൽ കൊണ്ടുവരുന്നത്.

### നോട്ട് നിരോധനവും ജി.എസ്.റ്റിയും

നോട്ട് നിരോധനത്തിന് ഒരു വർഷം പൂർത്തിയായിട്ടും ഇതുണ്ടാക്കിയ സാമ്പത്തികനേട്ടം എന്താണെന്ന് സർക്കാരിന് വിശദീകരിക്കാൻ കഴിഞ്ഞിട്ടില്ല. റിസർവ് ബാങ്കിന്റെ കണക്ക് പ്രകാരം 99 ശതമാനത്തോളം നോട്ടുകളും തിരിച്ചെത്തി. കൂടാതെ നോട്ട് നിരോധനം നടപ്പാക്കാൻ സി.എം.ഐ.ഇയുടെ കണക്ക് പ്രകാരം 1.28 ട്രില്ല്യൻ രൂപയാണ് ചെലവായത്. കൃത്യമായി പറഞ്ഞാൽ രാജ്യത്തെ ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ ഒരു വർഷം സർക്കാർ ചെലവാക്കുന്നതിന്റെ ഇരട്ടിയിലധികം തുക. റിസർവ്വ് ബാങ്കിന്റെ അധികാരത്തിന് മുകളിൽ സർക്കാർ അധികാരത്തെ പ്രതിഷ്ഠിക്കാൻ ഇതുമൂലം കഴിഞ്ഞു. കൃത്യമായി പറഞ്ഞാൽ റിസർവ്വ് ബാങ്കിനെ പ്രധാനമന്ത്രിയുടെ ഓഫീസിന്റെ കീഴിൽ കൊണ്ടുവരാൻ കഴിഞ്ഞു. റിസർവ്വ് ബാങ്കിന്റെ നയങ്ങൾ സർക്കാരിന്റെ നിയന്ത്രണത്തിന്റെ കീഴിലാക്കാൻ ഇതുവഴി കഴിയും. ഹിറ്റ്ലറും, മുസോളിനിയും ഒക്കെ ചെയ്തത് ഇതുതന്നെയായിരുന്നു. പണത്തിന്റെ വിനിമയത്തിനും ഇടപാടുകൾക്കും മേലുള്ള ആധിപത്യങ്ങൾ ഒരു ജനാധിപത്യക്രമത്തിൽ പ്രവർത്തിക്കുന്ന സർക്കാർ നടപ്പിലാക്കുന്ന പ്രവർത്തിയല്ല. കൂടാതെ സമ്പദ്‌വ്യവസ്ഥിതിയിൽ നിലനിന്നിരുന്ന രണ്ട് അധികാരകേന്ദ്രങ്ങളായിരുന്നു ധനമന്ത്രാലയവും റിസർവ്വ് ബാങ്കും. എന്നാൽ നോട്ട് നിരോധനത്തോടുകൂടി റിസർവ്വ് ബാങ്കിന്റെ വിവേചനാധികാരം റദ്ദുചെയ്യപ്പെട്ടു. പകരം പ്രധാനമന്ത്രി കാര്യാലയം ധനവിനിമയത്തിൽ നേരിട്ട് ഇടപെടുന്ന കീഴ്‌വഴക്കം ഉണ്ടാകുകയും ചെയ്തു. വീകേന്ദ്രീകൃത ആസൂത്രണം നടപ്പിലാക്കപ്പെടുന്നുവെന്ന് അവകാശമുന്നയിക്കുന്ന ഒരു കാലഘട്ട

സമ്പദ്‌വ്യവസ്ഥിതിയിൽ നിലനിന്നിരുന്ന രണ്ട് അധികാര കേന്ദ്രങ്ങളായിരുന്നു ധനമന്ത്രാലയവും റിസർവ്വ് ബാങ്കും. എന്നാൽ നോട്ട് നിരോധനത്തോടുകൂടി റിസർവ്വ് ബാങ്കിന്റെ വിവേചനാധികാരം റദ്ദുചെയ്യപ്പെട്ടു. പകരം പ്രധാനമന്ത്രി കാര്യാലയം ധനവിനിമയത്തിൽ നേരിട്ട് ഇടപെടുന്ന കീഴ്‌വഴക്കം ഉണ്ടാകുകയും ചെയ്തു. വീകേന്ദ്രീകൃത ആസൂത്രണം നടപ്പിലാക്കപ്പെടുന്നുവെന്ന് അവകാശമുന്നയിക്കുന്ന ഒരു കാലഘട്ടത്തിലാണ് ഇത്തരം കേന്ദ്രീകരണങ്ങൾ ഉണ്ടാകുന്നത്.

ത്തിലാണ് ഇത്തരം കേന്ദ്രീകരണങ്ങൾ ഉണ്ടാകുന്നത്.

ഈ കീഴ്വഴക്കം തന്നെയാണ് ജി.എസ്.റ്റിയുടെ കാര്യത്തിലുണ്ടായത്. സംസ്ഥാന സർക്കാരുകളുടെ പല വിവേചനാധികാരങ്ങളും നിഷേധിക്കപ്പെടുകയും പകരം ഒട്ടും ആസൂത്രണമില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതി ജനത്തിന് ബാദ്ധ്യതയായി മാറുകയും ചെയ്തു. കുത്തക വില നിയന്ത്രണത്തിന് ഏർപ്പെടുത്തിയ വകുപ്പുകൾ എങ്ങനെ നടപ്പിലാക്കണമെന്ന് ഇതുവരെ ധാരണയുണ്ടാക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല.

അടിസ്ഥാന ഉൽപ്പന്നങ്ങൾക്ക് വിലയുടെ മുകളിൽ ഏർപ്പെടുത്തിയ നികുതി മൂലം വഴി സർക്കാരിനുണ്ടാകുന്ന വരുമാനം, ചരക്ക് സേവന നികുതി നടപ്പിലാക്കിയതുകൊണ്ട് വരുമാന നഷ്ടമുണ്ടായ സംസ്ഥാനങ്ങൾക്ക് വിതരണം ചെയ്യുമെന്ന ഉറപ്പ് പാലിക്കണമെങ്കിൽ സംസ്ഥാന സർക്കാരുകളുടെ നഷ്ടം നിജപ്പെടുത്താൻ കഴിയണം. അതിന് ഇതുവരെ കഴിഞ്ഞിട്ടില്ല. കേരളത്തിൽ ജനത്തിനുണ്ടായ നഷ്ടം സർക്കാരിന്റെ നികുതി നഷ്ടത്തേക്കാൾ കൂടുതലാണ്. അത് തന്നെ പരിഹരിക്കാൻ സാധിക്കുന്നതുമല്ല.

**പ്രതിരോധത്തിന്റെ സ്വഭാവം**

സാമ്പത്തിക ഫാസിസത്തെ എങ്ങനെ പ്രതിരോധിക്കാം എന്നതിന് വ്യക്തമായ ധാരണകൾ ഇല്ല എന്ന് പറഞ്ഞാൽ അതിശയോക്തിയല്ല. കോർപ്പറേറ്റ് മുതലാളിത്തം സർക്കാർ പിൻബലത്തിൽ ശക്തിപ്പെടുകയും ദൈനംദിന ജീവിതത്തിൽ ഈ അധികാരം സ്വാധീനം ചൊലുത്തുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ പ്രതിരോധങ്ങൾ എന്നത് ഏതെങ്കിലുമൊരു കള്ളിയിലോ രാഷ്ട്രീയത്തിലോ ഒതുങ്ങിനിൽക്കുന്നില്ല. പ്രതിരോധത്തിന് പലപ്പോഴും മുതലാളിത്ത യുക്തിയുടെ രീതിശാസ്ത്രത്തെ ആശ്രയിക്കേണ്ടി വരുന്നു എന്നതാണ് വൈരുദ്ധ്യം. റിലയൻസിന്റെ ജിയോ സിം കാർഡ് വാങ്ങാൻ ജനം വരിനിന്നതിന് കാരണം മറ്റ് കമ്പനികളുടെ സേവനത്തോടുള്ള എതിർപ്പായിരുന്നില്ല. അതിനേക്കാൾ ഉപരിയായി വിപണി നൽകുന്ന വിലക്കുറവിനെ സ്വീകരിക്കുക എന്നതായിരുന്നു. അതായത്, സാമ്പ്രദായിക വിപണി ഉപഭോക്താവിന് നൽകുന്ന വിലകുറവ് ഒരു കമ്പനിയിലൂടെ മാത്രം ലഭിക്കുന്ന അവസ്ഥ മൂലം ഉണ്ടാകുന്ന കുത്തകവത്ക്കരണം ഫലത്തിൽ സർക്കാരിന്റെ രാഷ്ട്രീയ താല്പര്യവും കമ്പനികളുടെ സാമ്പത്തിക താല്പര്യവും ഒന്നാക്കുന്നു. അതായത് മുതലാളിത്തം ഉപഭോക്താവിന് നൽകുന്ന വിപണിയിളവുകൾ മൗലികാവകാശമായി കാണേണ്ട അവസ്ഥ രൂപപ്പെടുന്നു. കുറച്ചുകൂടി മുന്നേറിയാൽ നാം എത്തിച്ചേരുന്നത് കേരളത്തിൽ ഒരു കാലത്ത് ഏറെ ചർച്ച ചെയ്ത എം.പി. പരമേശ്വരന്റെ നാലാം ലോകസിദ്ധാന്തത്തിലേക്കാണ്.

'ഉത്തരമുതലാളിത്ത മാനവികത' എന്ന ആശയത്തെ ആശ്രയിക്കേണ്ട അവസ്ഥയാണ് ഇന്ന് ദരിദ്രർക്ക് മുന്നിലുള്ളത്. ഒരു പക്ഷേ ജനങ്ങളെക്കാൾ നന്നായി ഇത് ബോദ്ധ്യമുള്ളത് സർക്കാരിനു തന്നെയാണ്. അതുകൊണ്ടാണ് സർക്കാർ ഏതൊരു തരം ജനകീയ പ്രതിരോധങ്ങളെ ഭയക്കുന്നതും തകർക്കുന്നതും.

**ഗ്രന്ഥസൂചിക**

1. Charny, I.W. 2006. Fascism and Democracy in the Human Mind: A Bridge between Mind and Society. University of Nebraska Press
2. Rockwell Jr, Llewellynh. 2013. Fascism vs. Capitalism. Mises Institute. Alabama
3. Amin, Samir.2014. The Return of Fascism in Contemporary Capitalism. Monthly Review. Volume 66, Issue 04 (September)
4. Roise, Tania (edt).1999. Dispatches from the Weimar Republic: Versailles and German Fascism. Morgan Philips Price. Pluto Press. London
5. Gupta, Dipakar.1977. Political Economy of Fascism.EPW Vol.12. No.25
6. Baker, David.2006. Political Economy of Fascism: Myth or Reality, or Myth and Reality. New Political Economy. 11.2, 227-250. ■

കേരളീയം
20–ാം വർഷത്തിലേക്ക്

സുഹൃത്തെ,
1998 നവംബറിൽ പ്രസിദ്ധീകരണം
ആരംഭിച്ച കേരളീയം 20–ാം
വർഷത്തിലേക്ക് കടക്കുകയാണ്.
വാർഷികാഘോഷങ്ങളുടെ
ഭാഗമായി വിവിധ പരിപാടികളും
പ്രത്യേക ലക്കങ്ങളും ആലോചിക്കുന്നു.
കേരളീയത്തിന് ഈ നാളുകളിൽ
പിന്തുണ നൽകിയ എല്ലാ
സുഹൃത്തുക്കളുടെയും വായനക്കാരുടെയും
സഹായവും സഹകരണവും
പരിപാടികളിൽ പ്രതീക്ഷിക്കുന്നു.
സ്നേഹപൂർവ്വം
**കേരളീയം കൂട്ടായ്മ**